**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1350** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും സൈബർ സുരക്ഷയിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മുഴുവൻ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും സൈബർ സുരക്ഷയിൽ അവബോധം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും സൈബർ സുരക്ഷയിൽ അവബോധം ഉണ്ടാക്കുന്നതിന് ആദ്യഘട്ടമായി 'സത്യമേവജയതേ' എന്നപേരിൽ പ്രത്യേക ബോധവൽക്കരണ പരിപാടി എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ കുട്ടികൾക്ക് നൽകിയിരുന്നു. കൂടാതെ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക ക്ലാസുകളും നടത്തി. |
| (ബി) | പൊതുവിദ്യാലയങ്ങളിലെ ലിറ്റിൽ കൈറ്റ്സ്, ഐ.ടി. ക്ലബ്ബുകൾ തുടങ്ങിയ സംവിധാനങ്ങൾ വഴി എല്ലാ വിദ്യാർത്ഥികളുടെയും അമ്മമാർക്ക് സൈബർ സുരക്ഷയിൽ അവബോധം നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകളുടെ നേതൃത്വത്തിൽ മൂന്ന് ലക്ഷം അമ്മമാർക്കുള്ള പരിശീലനം പൂർത്തിയാക്കി. അത് എല്ലാ രക്ഷാകർത്താക്കൾക്കും നൽകുന്നതിന് ക്രമീകരണം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 'സത്യമേവ ജയതേ' എന്ന പേരിൽ ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗം കുട്ടികൾക്ക് ഒന്നാംഘട്ട പരിശീലനം നൽകിയിരുന്നു. പ്രസ്തുത പരിശീലനം ഓഗസ്റ്റ് 31നു മുമ്പ് അഞ്ച് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലുള്ള എല്ലാ കുട്ടികൾക്കുമായി വീണ്ടും നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി മാസ്റ്റർ ട്രെയിനികളായി വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിലെ അംഗങ്ങളെ പരിശീലകരായി നിയോഗിച്ചുകൊണ്ട് കൈറ്റ് മാസ്റ്റർ/ മിസ്ട്രസ് അദ്ധ്യാപകരുടെ നേതൃത്വത്തിലാണ് മൂന്ന് ലക്ഷം അമ്മമാർക്കുള്ള പരിശീലനം പൂർത്തിയാക്കിയത്. |
| (ഡി) | വിദ്യാർത്ഥികളുടെ അമ്മമാരിൽ സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിൽ ഈ പദ്ധതി എത്രത്തോളം | (ഡി) | പരിശീലനത്തിന്റെ ഭാഗമായുള്ള വിലയിരുത്തൽ കൈറ്റ് നടത്തിയിരുന്നു. മിക്ക സ്ഥലങ്ങളിലും തുടർപരിശീലനത്തിനും |

| | | | |
|---|---|---|---|
| | സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | | സംശയദൂരീകരണത്തിനുമായി ഫീഡ്ബാക്കിൽ കൂടുതൽ ക്ലാസുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ